# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3713 – 21/06/2018 ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ ധനക്കമ്മിയും റവന്യൂ കമ്മിയും

ചോദ്യം

ഉത്തരം

ശ്രീ. പാറക്കൽ അബ്ദുല്ല

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തൃപ്തികരമല്ലെന്ന് കംട്രോളർ ആൻഡ് ആഡിറ്റർ ജനറൽ റിപ്പോർട്ട് ചെയ്യുകയുണ്ടായോ; | ഉണ്ട്. |
| ബി | സംസ്ഥാനത്തിന്റെ കഴിഞ്ഞ വർഷത്തെ ധനക്കമ്മി, റവന്യൂ കമ്മി എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ; | 2017-18 ലെ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല. അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ 2017-18 സാമ്പത്തിക വർഷത്തെ ധനക്കമ്മി, റവന്യൂ കമ്മി എന്നിവ എത്രയാണെന്ന് വ്യക്തമാകുകയുള്ളൂ. |
| സി | ഇത് ആഭ്യന്തര വരുമാനത്തിന്റെ മൂന്നു ശതമാനത്തിൽ താഴെ എന്നുള്ള അംഗീകൃത നിരക്കിൽ കൂടുതലാണോ; എങ്കിൽ എത്ര; | |
| ഡി | എങ്കിൽ ഇത് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി, കടമെടുപ്പ് ശേഷി, പലിശ കുറഞ്ഞ വായ്പകൾ കിട്ടാനുള്ള സാധ്യത തുടങ്ങിയവയെ പ്രതികൂലമായി ബാധിക്കുമോ; | |
| ഇ | എങ്കിൽ ധനക്കമ്മിയും റവന്യൂ കമ്മിയും കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | ധനക്കമ്മിയും റവന്യൂ കമ്മിയും കുറയ്ക്കുന്നതിന് ചെലവ് കുറയ്ക്കുകയും സാമ്പത്തിക അച്ചടക്കം പാലിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിനു പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടു വരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ |

| | | |
|---|---|---|
| | | മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവു ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനു പകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാ ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും.<br>റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17 -ൽ റവന്യൂ കമ്മി 2.51 ശതമാനമായിരുന്നു. 2017-18 -ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19 -ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ